<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1405</u> <u>12-02-2025 - ൽ മറുപടിയ്ക്ക്</u>

<u>ചേളാരി ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കെട്ടിട നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ 2018- 19 ലെ ഹയർ സെക്കൻഡറി പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള നിർമാണ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടോ; പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | **പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. നിലവിൽ ഫൗണ്ടേഷന്റെ കോൺക്രീറ്റിംഗ് പൂർത്തിയായിട്ടുണ്ട്.** |
| (ബി) | ദേശീയപാത വികസനത്തിന്റെ ഭാഗമായി സർക്കാരിൽ ഡെപ്പോസിറ്റ് ചെയ്ത 2.19 കോടി രൂപ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി വിനിയോഗിക്കുന്നതിന്റെ ഡി. പി. ആർ. -ന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇതിലെ ഫയൽ പുരോഗതിയും ഡി.പി.ആർ. അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | **ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.** |
| (സി) | കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ച് ഫണ്ട് നഷ്ടമായതിനാൽ മുടങ്ങിപ്പോയ നിർമ്മാണ പദ്ധതി അതേ ഫണ്ട് ഉപയോഗിച്ച് പുനരാരംഭിക്കാൻ പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോർഡിനേറ്റർക്ക് നൽകിയ കത്തിലെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | **പ്രസ്തുത സ്കൂളിനു 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയെങ്കിലും സ്ഥലം കണ്ടെത്തു വാൻ കഴിയാതെ വരുകയും, സ്കൂളിന് കെട്ടിടത്തിനായി കണ്ടെത്തിയ സ്ഥലം ഗ്രൗണ്ടായതിനാൽ നിർമ്മാണം സാധ്യമല്ലെന്ന് നിർവഹണ ഏജൻസി അറിയിച്ച തിനാൽ ടി സ്കൂളിന്റെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്.<br><br>ഭരണാനുമതി റദ്ദ് ചെയ്ത നടപടി പുന:പരിശോധിക്കണമെന്ന് ആവശ്യ പ്പെട്ട് മിഷൻ ജില്ലാ കോർഡിനേറ്റർക്ക് ലഭിച്ച കത്ത് പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ